# കേരള നിയമസഭ
# 27.09.2011-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം
2011 സെപ്റ്റംബര്‍ 27 ചൊവ്വ
നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങള്‍
(ആകെ ചോദ്യങ്ങള്‍ -30)

മറുപടി നല്‍കുന്ന മന്ത്രിമാര്‍

ഊര്‍ജ്ജ വകുപ്പുമന്ത്രി
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
വനവും സ്പോര്‍ട്സും സിനിമയും വകുപ്പുമന്ത്രി
വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ മാലിന്യമുക്തമാക്കുന്നതിന് നടപടി

*31 ശ്രീ. പാലോട് രവി
,, സി. പി. മുഹമ്മദ്
,, ഷാഫി പറമ്പില്‍
,, അന്‍വര്‍ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മാലിന്യസംസ്കരണത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാന്‍ ഉദ്ദേശിക്കുന്നത്;

(ബി) മാലിന്യങ്ങള്‍ ഉത്ഭവസ്ഥാനങ്ങളില്‍ നിന്ന് തന്നെ സംസ്ക്കരിക്കുവാന്‍ നടപടി സ്വീകരിക്കുമോ;

(സി) ജൈവമാലിന്യങ്ങളില്‍ നിന്ന് വൈദ്യുതിയും, ബയോഗ്യാസും ഉല്പാദിപ്പിക്കുന്ന സാങ്കേതിക വിദ്യക്ക് പ്രോത്സാഹനം നല്‍കുമോയെന്നറിയിക്കുമോ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

<u>അപകടത്തിൽപ്പെടുന്ന വൈദ്യുത തൊഴിലാളികൾ</u>

*32 ശ്രീ. വി. എസ്. സുനിൽകുമാർ
,, കെ. അജിത്
,, ചിറ്റയം ഗോപകുമാർ
,, കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവകുപ്പു മന്ത്രി**

സദയം മറുപടി നൽകുമോ:

(എ) വൈദ്യുത ലൈനുകളിലെ അറ്റകുറ്റപ്പണിക്കിടെ അപകടത്തിൽപ്പെടുന്നവരുടെ എണ്ണം വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വൈദ്യുത ലൈനുകളിലെ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിന് വൈദ്യുതി ബോർഡ് സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് വൈദ്യുതി ബോർഡിന് കീഴിൽ മൊത്തം എത്ര കരാർ തൊഴിലാളികളുണ്ട്;

(ഡി) കരാർ തൊഴിലാളികൾക്ക് അപകടം സംഭവിച്ചാൽ എന്തെല്ലാം സഹായമാണ് വൈദ്യുതി ബോർഡ് നൽകുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഇ) ഇത്തരം അപകടത്തിലൂടെ അംഗവൈകല്യം സംഭവിച്ച എത്ര തൊഴിലാളികളുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

<u>ചെറുകിട വ്യാപാര മേഖലയിലെ വിദേശ നിക്ഷേപം</u>

*33 ശ്രീമതി ഗീതാ ഗോപി
ശ്രീ. സി. ദിവാകരൻ
,, പി. തിലോത്തമൻ
,, ജി.എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചെറുകിട വ്യാപാര മേഖലയിൽ പൂർണ്ണമായും വിദേശ നിക്ഷേപം സ്വീകരിക്കാനുള്ള നടപടികൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത്തരം നടപടി ചെറുകിട-ഇടത്തരം കച്ചവടക്കാരെ ഏതു വിധത്തിൽ ബാധിക്കുമെന്നത് സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള വിലയിരുത്തൽ നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(സി) ചില്ലറ വില്പന മേഖലയിൽ മൾട്ടി ബ്രാൻഡ് വിദേശ നിക്ഷേപം വരുമ്പോൾ സംസ്ഥാനത്ത് എത്ര ചെറുകിട-ഇടത്തരം കച്ചവടക്കാരെ ബാധിക്കുമെന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ എത്ര ;

(ഡി) ചെറുകിട-ഇടത്തരം കച്ചവടക്കാരെ ഇതിൽനിന്നും രക്ഷിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

ദേശീയ ഗെയിംസിനായുള്ള അടിസ്ഥാന സൗകര്യം

*34 ശ്രീ. സി. കെ. നാണു
,, ജോസ് തെറ്റയിൽ
,, മാത്യു റ്റി. തോമസ്
ശ്രീമതി ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അടുത്ത ദേശീയ ഗെയിംസ് കേരളത്തിൽ നടത്താനുള്ള നിർദ്ദേശം ഇപ്പോഴും നിലവിലുണ്ടോ;

(ബി) എപ്പോഴാണ് ദേശീയ ഗെയിംസ് നടത്താൻ ഉദ്ദേശിക്കുന്നത്;

(സി) ദേശീയ ഗെയിംസ് കേരളത്തിൽ നടത്തുന്നതിനു വേണ്ടി എന്തൊക്കെ അടിസ്ഥാന സൗകര്യങ്ങളാണ് ഇതിനകം ഏർപ്പെടുത്തിയിട്ടുള്ളത്;

(ഡി) ഈ ഇനത്തിൽ എത്ര തുക ഇതിനകം ചെലവഴിച്ചു; അത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

വ്യവസായിക നിക്ഷേപം കൊണ്ടുവരുന്നതിന് പദ്ധതികൾ

*35 ശ്രീ. കെ. ശിവദാസൻ നായർ
,, ജോസഫ് വാഴക്കൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൂടുതൽ വ്യവസായിക നിക്ഷേപം കൊണ്ടുവരുന്നതിനും കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനുമായി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് അറിയിക്കുമോ ;

(ബി) പുതിയ വ്യവസായ നയത്തിന് രൂപം നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്നേയ്ക്ക് രൂപം നൽകാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ ;

(സി) കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സഹായത്തോടെ സംസ്ഥാനത്ത് ആരംഭിക്കാൻ ഉദ്ദേശിക്കുന്ന പ്രധാന വ്യവസായ സംരംഭങ്ങൾ ഏതെല്ലാമെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
# 27.09.2011-ലെ മറുപടിക്ക്

വൈദ്യുതി വിതരണത്തിലെ കാര്യക്ഷമത

*36 ശ്രീ.സണ്ണി ജോസഫ്
,, സി. പി. മുഹമ്മദ്
,, ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി വിതരണരംഗത്ത് കാര്യക്ഷമത ഉറപ്പുവരുത്തുന്നതിനും പ്രസരണ നഷ്ടം ഒഴിവാക്കുന്നതിനും കേന്ദ്ര സഹായത്തോടെ എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്ത് ഇപ്പോൾ എത്ര നഗരങ്ങളിൽ ഇതു നടപ്പാക്കാനുദ്ദേശിക്കുന്നുണ്ട് ;

(സി) ഇതിന് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടോ ;

(ഡി) എത്രകോടി രൂപയുടെ സഹായമാണ് കേന്ദ്രം ഇതിനുവേണ്ടി നൽകുന്നതെന്ന് വെളിപ്പെടുത്തുമോ ;

(ഇ) നഗരങ്ങളിലെ വൈദുതി വിതരണശൃംഖല ശക്തിപ്പെടുത്തുന്നതിന് വിവരസാങ്കേതിക വിദ്യ പ്രയോജനപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 27.09.2011-ലെ മറുപടിക്ക്

<u>മരുന്നുകളുടെ ഉത്പാദനം സംബന്ധിച്ച്</u>

*37 ഡോ. ടി.എം. തോമസ് ഐസക്ക്
ശ്രീ. എ.എം. ആരിഫ്
,, ബാബു എം. പാലിശ്ശേരി
,, കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മരുന്നുകൾ ഉൽപാദിപ്പിക്കുന്നതിൽ സംസ്ഥാനത്ത് പൊതുമേഖലയിൽ പുതിയ സംരംഭങ്ങൾക്കോ നിലവിലുള്ള സംരംഭങ്ങളെ സഹായിക്കുന്നതിനോ പരിപാടിയുണ്ടോ; വിശദമാക്കുമോ;

(ബി) ഡ്രഗ്സ് & ഫാർമസ്യൂട്ടികൽസ് കമ്പനി നവീകരിക്കാനുള്ള രണ്ടാംഘട്ട പദ്ധതിക്ക് അനുമതി നൽകിയിട്ടുണ്ടോ; ഈ പദ്ധതി നടപ്പിലാക്കുന്നത് വഴി എത്രതരം മരുന്നുകൾ കൂടുതലായി ഉൽപാദിപ്പിക്കുവാൻ കഴിയുമെന്നറിയിക്കുമോ?

# കേരള നിയമസഭ
# 27.09.2011-ലെ മറുപടിക്ക്

<u>ഇന്ധന സർച്ചാർജ്ജ്</u>

*38 ശ്രീ. കെ. രാധാകൃഷ്ണൻ
,, കോടിയേരി ബാലകൃഷ്ണൻ
,, സാജു പോൾ
,, കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വൈദ്യുത ഉപഭോക്താക്കളിൽ നിന്നും ഇന്ധന സർച്ചാർജ്ജ് ഈടാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ഈ തീരുമാനം എന്നുമുതൽ നടപ്പിലാക്കുകയുണ്ടായി; ഏതു തീയതി വരെ നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്; ഇതുവഴി പ്രതിവർഷം മൊത്തം എത്ര കോടി രൂപ സമാഹരിക്കാനാണ് ബോർഡ് ഉദ്ദേശിക്കുന്നത്;

(സി) ഏറ്റവും ഒടുവിൽ ഓഡിറ്റ് ചെയ്ത കണക്ക് പ്രകാരം വൈദ്യുതി ബോർഡിനുള്ള ലാഭം എത്ര കോടിയാണ് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

<u>ആശ്രയ പദ്ധതി</u>

*39 ശ്രീ. പി. സി. വിഷ്ണുനാഥ്
,, കെ. ശിവദാസൻ നായർ
,, ഡൊമിനിക് പ്രസന്റേഷൻ
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും ആശ്രയ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇനി എത്ര തദ്ദേശഭരണ സ്ഥാപനങ്ങളിൽ കൂടി പ്രസ്തുത പദ്ധതി നടപ്പിലാക്കാനുണ്ടെന്ന് അറിയിക്കാമോ;

(ബി) ആശ്രയപദ്ധതിയിൽ ഉൾപ്പെടുത്തി ഇപ്പോൾ നൽകിവരുന്ന സേവനങ്ങളും സഹായങ്ങളും എന്തെല്ലാമെന്ന് അറിയിക്കാമോ;

(സി) ആശ്രയ പദ്ധതിയിലൂടെ കൂടുതൽ സേവനങ്ങൾ നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്തെല്ലാമെന്ന് അറിയിക്കാമോ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

വന്‍കിടവ്യവസായങ്ങളെ നഗരപരിധിയില്‍ നിന്നും മാറ്റുന്ന പദ്ധതി

*40 ശ്രീ. എ. പി. അബ്ദുളളക്കുട്ടി
,, വി. ഡി. സതീശന്‍
,, വര്‍ക്കല കഹാര്‍
,, റ്റി. എന്‍. പ്രതാപന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മലിനീകരണമുണ്ടാക്കുന്ന വന്‍കിടവ്യവസായങ്ങളെ നഗരപരിധിയില്‍ നിന്നും മാറ്റുന്നത് പ്രോത്സാഹിപ്പിക്കാന്‍ എന്തെല്ലാം കര്‍മ്മപദ്ധതികളാണ് നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഇങ്ങനെ മാറ്റുന്നതിന് ഇന്‍ഡ്യയിലെ ഏത് നഗരത്തെയാണ് മാതൃകയാക്കാന്‍ ഉദ്ദേശിക്കുന്നത്?

(സി) പൊതുമേഖലാസ്ഥാപനങ്ങളുടെ ഉടമസ്ഥതയില്‍ ഉപയോഗശൂന്യമായികിടക്കുന്ന മിച്ചഭൂമികളെയും ഈ ആവശ്യത്തിന് വേണ്ടി ഉപയോഗപ്പെടുത്തുമോ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

<u>ന്യൂനപക്ഷ സമുദായക്ഷേമം പദ്ധതി</u>

*41 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷസമുദായ ക്ഷേമം മുൻനിർത്തി ഈ സർക്കാർ വന്നതിന് ശേഷം നടപ്പിലാക്കിയ പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) വിവിധ വകുപ്പുകൾ നടപ്പിലാക്കുന്ന കേന്ദ്ര-സംസ്ഥാന ന്യൂനപക്ഷ ക്ഷേമ പദ്ധതികൾ ഏകജാലകം വഴി ഒരു വകുപ്പിന് കീഴിൽ കൊണ്ട് വന്ന് നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ ;

(സി) ന്യൂനപക്ഷസമുദായക്ഷേമ വകുപ്പിന്റെ പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(ഡി) ന്യൂനപക്ഷസമുദായക്ഷേമത്തിനായുള്ള പദ്ധതികളുടെ വിശദാംശങ്ങൾ പൊതുജനങ്ങളിൽ എത്തിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

<u>സാമൂഹ്യവനവല്‍ക്കരണ പദ്ധതി</u>

*42 ശ്രീ. കെ.എന്‍.എ. ഖാദര്‍
,, എം.പി. അബ്ദുസമദ് സമദാനി
,, പി.കെ.ബഷീര്‍
,, പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വനവും സ്പോര്‍ട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് നടപ്പാക്കി വരുന്ന സാമൂഹ്യവനവത്ക്കരണ പദ്ധതി കൊണ്ട് ഇതുവരെയുണ്ടായ നേട്ടം വിലയിരുത്തിയിട്ടുണ്ടോ;

(ബി) പദ്ധതിയുടെ നടത്തിപ്പില്‍ ഏതെങ്കിലും തരത്തിലുള്ള പാകപ്പിഴകള്‍ കണ്ടെത്തിയിട്ടുണ്ടോ;

(സി) പൊതുജനങ്ങള്‍ക്കും സ്കൂള്‍, കോളേജ് വിദ്യാര്‍ത്ഥികള്‍ക്കും വൃക്ഷതൈവിതരണം നടത്തുന്നതിനു പരി, മറ്റേതൊക്കെതരം പ്രവര്‍ത്തനങ്ങളാണ് ഈ പദ്ധതിയിന്‍ കീഴില്‍ ഏറ്റെടുത്തു നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ഡി) 2007-2008 മുതല്‍ 2010-11 വരെയുള്ള വര്‍ഷങ്ങളില്‍ ഉല്പാദിപ്പിച്ച് വിതരണം നടത്തിയ തൈകളുടെ കണക്ക് ലഭ്യമാണോ; എങ്കില്‍ ഓരോ വര്‍ഷത്തെയും കണക്ക് നല്‍കാമോ;

(ഇ) നട്ടുപിടിപ്പിക്കുന്ന തൈകളുടെ പരിപാലനം സംബന്ധിച്ച് തുടര്‍നടപടികള്‍ സ്വീകരിക്കാറുണ്ടോ; എങ്കില്‍ അതു സംബന്ധിച്ച വിശദാംശം നല്‍കാമോ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

<u>കാവല്‍ക്കാരില്ലാത്ത റെയില്‍വേ ലെവല്‍ റെയിവേ ക്രോസുകള്‍</u>

*43 ശ്രീ. കെ.കെ. നാരായണന്‍
,, എ.എം. ആരിഫ്
,, പി. ശ്രീരാമകൃഷ്ണന്‍
,, സി.കെ. സദാശിവന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജവകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് കാവല്‍ക്കാരില്ലാത്ത റെയില്‍വേ ലെവല്‍ ക്രോസുകളില്‍ ദുരന്തങ്ങള്‍ വര്‍ദ്ധിച്ചുവരുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ:

(ബി) റെയില്‍വേ ലവല്‍ക്രോസുകളില്‍ കാവല്‍ക്കാരില്ലാത്തവ എത്രയാണെന്നും ഇവിടങ്ങളില്‍ അപകടങ്ങള്‍ സംഭവിക്കാതിരിക്കാനുളള മുന്‍കരുതലുകള്‍ എന്താണെന്നും വിശദമാക്കാമോ;

(സി) അപകടങ്ങള്‍ തുടരെ തുടരെ ഉണ്ടായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തില്‍ റെയില്‍വേ ബോര്‍ഡ് ഇക്കാര്യത്തിലെന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുളളതായി അറിവുണ്ടോ?

# കേരള നിയമസഭ

## 27.09.2011-ലെ മറുപടിക്ക്

<u>വൃദ്ധജന ക്ഷേമം</u>

*44 ഡോ. കെ.ടി. ജലീൽ
ശ്രീ എം. ഹംസ
,, സി. കൃഷ്ണൻ
,, കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വൃദ്ധജനങ്ങളുടെ എണ്ണം ഓരോ വർഷവും വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വൃദ്ധജനങ്ങളുടെ ക്ഷേമത്തിനായി പുതുതായി എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു;

(സി) വൃദ്ധജനങ്ങൾ ഇന്നനുഭവിക്കുന്ന പ്രമുഖപ്രശ്നങ്ങൾ എന്തൊക്കെയാണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

<u>വൈദ്യുത അപകടങ്ങൾ</u>

*45 ശ്രീ. മഞ്ഞളാംകുഴി അലി
,, കെ.എം. ഷാജി
,, പി.ബി. അബ്ദുൾ റസാക്
,, വി.എം. ഉമ്മർമാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുത അപകടങ്ങളും അതു മുഖേന യുള്ള മരണങ്ങളും വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടി ട്ടുണ്ടോ;

(ബി) അപകടങ്ങൾ വർദ്ധിക്കുന്നതിനുള്ള കാരണങ്ങളെക്കു റിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാ ക്കുമോ;

(സി) വൈദ്യുത ലൈനുകൾ പൊട്ടിവീണുണ്ടാകുന്ന അപകട ങ്ങൾ ഒഴിവാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചി ട്ടുണ്ടോ;

(ഡി) പഴക്കം ചെന്ന ലൈനുകളും ഉപകരണങ്ങളും കാലാകാ ലങ്ങളിൽ പരിശോധിച്ച് പുനരുദ്ധാരണ പ്രവർത്തന ങ്ങൾ നടത്തുന്നതിനുള്ള സംവിധാനമെന്തെന്ന് വിശദമാക്കാമോ;

(ഇ) ഓവർ ഹെഡ് ലൈനുകൾക്ക് പകരം നഗര പ്രദേശങ്ങ ളിലും ചെറുനഗരങ്ങളിലും അണ്ടർഗ്രൗണ്ടുകേബിൾ സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിച്ചി ട്ടുണ്ടോ;

(എഫ്0 ഇൻവെർട്ടറുകളുടെ അമിതോപയോഗം വൈദ്യുതി ലൈനുകളിലെ അറ്റകുറ്റപണിക്കിടയിൽ അപകടങ്ങൾ ഉണ്ടാക്കുന്നതായ റിപ്പോർട്ടുകൾ എന്നിവ ശ്രദ്ധ യിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

സിനിമാ രംഗത്തെ പ്രതിസന്ധിയും വൈഡ് റിലീസിംഗും

*46 ശ്രീ. ഇ. കെ. വിജയൻ
,, മുല്ലക്കര രത്നാകരൻ
,, ജി. എസ്. ജയലാൽ
,, പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സിനിമാ രംഗത്ത് വൈഡ് റിലീസിംഗ് ഏർപ്പെടുത്തുമെന്ന പ്രഖ്യാപനം നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ;

(ബി) ബി, സി ക്ലാസ്സ് തീയേറ്ററുകൾ ഇപ്പോൾ നേരിട്ടുകൊണ്ടിരിക്കുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഈ പ്രതിസന്ധി തരണം ചെയ്യുന്നതിന് എന്തു നടപടികളെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

<u>വയോജന നയം</u>

*47 ശ്രീ. വി. ശശി
,, ഇ. ചന്ദ്രശേഖരൻ
,, കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വയോജന നയം പ്രഖ്യാപിച്ചതെന്നാണ് ; ഈ നയത്തിൽ പ്രഖ്യാപിച്ചിരുന്ന ക്ഷേമ പ്രവർത്തനങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കുമോ ;

(ബി) അവശരും നിരാലംബരുമായ രോഗികളെ പരിചരിക്കുന്നതിനുള്ള പദ്ധതി സംസ്ഥാനത്ത് ആരംഭിച്ചതെപ്പോഴാണ്; ഇങ്ങനെയുള്ളവരെ പരിചരിക്കുന്നവർക്ക് മൂന്നൂറ് രൂപ സഹായം നല്കുന്ന പദ്ധതി പ്രകാരം കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എത്ര പേർക്ക് സഹായം നൽകി ;

(സി) ഈ പദ്ധതി ഇപ്പോൾ സംസ്ഥാനത്ത് തുടരുന്നുണ്ടോ ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

<u>വാർഷിക പദ്ധതികൾ</u>

*48 ശ്രീ. ബെന്നിബെഹനാൻ
'' കെ. ശിവദാസൻ നായർ
'' പി.എ. മാധവൻ
'' റ്റി.എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിലവിൽ വാർഷിക പദ്ധതികൾ നടപ്പാക്കുന്നതിന് പഞ്ചായത്തുകൾക്ക് വേണ്ടത്ര സമയം ലഭിക്കുന്നില്ല എന്നകാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുപരിഹരിക്കുന്നതിനായി വാർഷിക പദ്ധതികൾക്ക് പകരം പഞ്ചായത്തിൽ പഞ്ചവത്സരപദ്ധതി ആവിഷ്ക്കരിക്കുന്നതിനെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) പഞ്ചായത്തുകളിൽ വിവിധ പദ്ധതികൾക്കുള്ള ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടികൾ ലഘൂകരിക്കുമോ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

അനധികൃത പരസ്യബോർഡുകൾ

*49 ശ്രീ. തോമസ് ചാണ്ടി
,, എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവുംവകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നഗരങ്ങളിൽ അനധികൃതമായി ബോർഡുകളും, ബാനറുകളും, ഹോർഡിങ്കളും സ്ഥാപിച്ചിരിക്കുന്നത് വേണ്ടത്ര ഉറപ്പില്ലാത്തതും സുരക്ഷിതത്വം ഇല്ലാത്തതുമായ പ്രതലത്തിലാണെന്നുള്ളകാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നഗരസഭകളുടേയും, മുനിസിപ്പാലിറ്റികളുടേയും മുൻകൂർ അനുമതി ലഭിക്കാതെയും നികുതി നൽകാതെയും സ്ഥാപിച്ചിരിയ്ക്കുന്ന ഫ്ളക്സ്ബോർഡുകളും ബാനറുകളും ഹോർഡിങ്ങുകളും നീക്കം ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ;

(സി) റെയിൽവേ, കെ. എസ്. ഇ. ബി. എന്നിവയുടെ ഇലക്ട്രിക് ലൈനുകൾ കടന്നുപോകുന്ന സ്ഥലങ്ങളിൽ സ്ഥാപിച്ചിരിയ്ക്കുന്ന അനധികൃത ഫ്ളക്സ് ബോർഡുകളും ബാനറുകളും നീക്കം ചെയ്യുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ;

(ഡി) നഗരസഭകളിലും മുനിസിപ്പാലിറ്റികളിലും പരസ്യ ബോർഡുകളും ബാനറുകളും ഹോർഡിങ്ങുകളും സ്ഥാപിക്കുന്നത് സംബന്ധിച്ച് പ്രത്യേകമാർഗ്ഗനിർദ്ദേശങ്ങൾ നിലവിലുണ്ടോ ; ഇല്ലെങ്കിൽ ഇത് സംബന്ധിച്ച് പ്രത്യേക മാർഗ്ഗ നിർദ്ദേശങ്ങൾ പരസ്യപ്പെടുത്തുവാൻ നടപടി സ്വീകരിയ്ക്കുമോ ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

<u>പരമ്പരേ്യതര മേഖലകളിൽ നിന്നും വാങ്ങുന്ന വൈദ്യുതി</u>

*50 ശ്രീ. കെ.സുരേഷ്കുറുപ്പ്
,, കെ. വി. വിജയദാസ്
,, രാജൂ എബ്രഹാം
,, കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഉർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രിസിറ്റി ആക്ട് പ്രകാരം കേരളസ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് പാരമ്പരേ്യതര മേഖലകളിൽ നിന്നും നിർബന്ധമായും എത്ര ശതമാനം വൈദ്യുതി വാങ്ങേണ്ടതുണ്ട്;

(ബി) പാരമ്പരേതര്യതര ഊർജ്ജ മേഖലയിൽ ബോർഡ് ഇപ്പോൾ എത്ര പദ്ധതികളിലൂടെ എത്ര വൈദ്യുതി ഉല്പാദിപ്പിക്കുന്നു; ഈ പദ്ധതികൾ ഓരോന്നും ആരംഭിച്ചത് എപ്പോഴായിരുന്നു എന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

<u>ഭൂഗർഭ വൈദ്യുതി ലൈനുകൾ</u>

*51 ശ്രീ. ജോസഫ് വാഴക്കൻ
,, പി. സി. വിഷ്ണുനാഥ്
,, എ. റ്റി. ജോർജ്
,, വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ലൈനുകൾ ഭൂമിക്കടിയിലൂടെ കൊണ്ടുപോകുന്ന പദ്ധതികളുടെ പ്രവർത്തനങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇപ്പോൾ ഈ പദ്ധതി എവിടെയെല്ലാമാണ് നടപ്പാക്കിവരുന്നത്;

(സി) ഇതിന് കേന്ദ്ര സഹായം ലഭ്യമാണോ; വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) ഈ പദ്ധതി എല്ലാ പഞ്ചായത്തുകളിലും നടപ്പിൽ വരുത്തുമോ;

(ഇ) ആയത് എന്ന് ആരംഭിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

<u>വൻകിട വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതി</u>

*52 ശ്രീ. സി.പി. മുഹമ്മദ്
,, ബെന്നി ബെഹനാൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, ഡൊമിനിക് പ്രസന്റേഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വൻകിട വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിനുവേണ്ടി രാഷ്ട്രീയ പാർട്ടികളുടേയും പൊതുപ്രവർത്തകരുടേയും പങ്കാളിത്തത്തോടെ ഉന്നതതലസമിതി രൂപീകരിക്കുമോ ;

(സി) എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

<u>ആർ. എ. പി. ഡി. ആർ. പി. പദ്ധതി</u>

*53 ശ്രീ. എസ്. രാജേന്ദ്രൻ
,, എ. കെ. ബാലൻ
,, രാജു എബ്രഹാം
,, എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡ് നടപ്പിലാക്കുന്ന ആർ.എ.പി.ഡി ആർപി പദ്ധതി മുൻ സർക്കാരിന്റെ കാലത്ത് ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടായിരുന്നോ ;

(ബി) ഉണ്ടെങ്കിൽ ആർക്കാണ് കരാർ നൽകാൻ തീരുമാനിച്ചിരുന്നത് ; ഇതിൽ ക്രമക്കേട് നടന്നതായി രേഖാമൂലം പരാതി ഉന്നയിച്ചിരുന്നോ ; എങ്കിൽ ഇതിന്മേൽ മുൻസർക്കാർ എന്ത് നടപടി സ്വീകരിച്ചു ;

(സി) ഈ ടെണ്ടർ നടപടികൾ സംബന്ധിച്ച് ഇപ്പോഴത്തെ സർക്കാരിന്റെ നിലപാടെന്താണെന്നും സ്വീകരിച്ച നടപടികൾ എന്തെന്നും വിശദമാക്കാമോ ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

റബ്ബർ ഉല്പാദനം

*54 ശ്രീ. കെ. കെ. ജയചന്ദ്രൻ
,, കെ. സുരേഷ് കുറുപ്പ്
,, ജെയിംസ് മാത്യു
,, ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റബ്ബർ അസംസ്കൃത വസ്തുവായുള്ള പുതിയ വൻകിട വ്യവസായങ്ങൾ കേരളത്തിൽ സ്ഥാപിക്കുന്നതിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഇപ്പോൾ സംസ്ഥാനത്ത് ഉല്പാദിപ്പിക്കപ്പെടുന്ന റബ്ബറിന്റെ എത്ര ശതമാനം കേരളത്തിൽ വെച്ച് മൂല്യവർദ്ധന നടക്കുന്നുണ്ടെന്ന് വെളിപ്പെടുത്താമോ ;

(സി) കേരളത്തിലെ റബ്ബർ ഉല്പാദനത്തിലെ വളർച്ചയും സമ്പദ്ഘടനയ്ക്ക് നൽകുന്ന നേട്ടവും സംബന്ധിച്ച് വ്യവസായ വകുപ്പ് വിലയിരുത്തിയിട്ടുണ്ടോ ; കഴിഞ്ഞ 5 വർഷത്തെ വസ്തുതകളുടെ അടിസ്ഥാനത്തിൽ വിശദമാക്കാമോ ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

കേന്ദ്രഗവൺമെന്റിന്റെ അനുമതിയ്ക്കായി സമർപ്പിച്ചിട്ടുള്ള പദ്ധതികൾ

*55 ശ്രീമതി. ഇ. എസ്. ബിജിമോൾ
ശ്രീ.സി. ദിവാകരൻ
,, ചിറ്റയം ഗോപകുമാർ
,, ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്ഥാപിക്കാനുദ്ദേശിച്ചുകൊണ്ടുള്ള പുതിയ വൈദ്യുത പദ്ധതികൾ കേന്ദ്ര ഗവൺമെന്റിന്റെ അനുമതിയ്ക്കായി സമർപ്പിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്രയെണ്ണം;ഏതെല്ലാം ;

(ബി) ഇവ ഓരോന്നും കേന്ദ്ര ഗവൺമെന്റിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചതെന്നാണെന്ന് വെളിപ്പെടുത്തുമോ ;

(സി) കേന്ദ്ര പരിസ്ഥിതി വകുപ്പിന്റെ അനുമതിയ്ക്കായുള്ള എത്ര പദ്ധതികളുണ്ടെന്നും ഇവയ്ക്ക് കേന്ദ്ര പരിസ്ഥിതി വകുപ്പിൽ നിന്നും എന്തെങ്കിലും മറുപടി ലഭിച്ചിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ മറുപടി എന്തായിരുന്നുവെന്നും വിശദമാക്കുമോ ;

(ഡി) ഈ വൈദ്യുത പദ്ധതികൾക്ക് കേന്ദ്രത്തിൽ നിന്നും അനുമതി നേടിയെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

<u>പതിനൊന്നാം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള വൈദ്യുത പദ്ധതികൾ</u>

*56 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
,, എം. ചന്ദ്രൻ
,, കെ. വി. അബ്ദുൾ ഖാദർ
,, ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പതിനൊന്നാം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള വൈദ്യുത പദ്ധതികൾ നിർദ്ദിഷ്ട സമയത്ത് തന്നെ പൂർത്തീകരിക്കുന്നതിനുള്ള കർമ്മ പദ്ധതിയുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) വനം വകുപ്പിന്റേയോ പരിസ്ഥിതി വകുപ്പിന്റേയോ അനുമതി ലഭിക്കാത്തതിന്റെ പേരിൽ ഏതെങ്കിലും പദ്ധതിയുടെ പ്രവർത്തനം തടസ്സപ്പെട്ടിട്ടുണ്ടോ;

(സി) ഏതെല്ലാം പുതിയ പദ്ധതികളുടെ കാര്യത്തിലാണ് ബോർഡ് പര്യവേഷണത്തിലും, പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കലിലും ഏർപ്പെട്ടിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ; ഇവയോരോന്നും ആരംഭിച്ചത് എപ്പോഴാണെന്നും, എന്നത്തേയ്ക്ക് പൂർത്തിയാകുമെന്നും വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

<u>വനവല്ക്കരണം</u>

*57 ശ്രീ. വി.ഡി. സതീശൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, വർക്കല കഹാർ
,, റ്റി.എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വനവൽക്കരണത്തിന്റെ ഭാഗമായി എന്തെല്ലാം കർമ്മ പരിപാടികളാണ് നടപ്പാക്കാനുദ്ദേശിക്കുന്നത് ;

(ബി) ഇതിന്റെ ഭാഗമായി ചന്ദന മരങ്ങൾ നട്ടുവളർത്തുവാൻ അനുമതി നൽകുമോ ;

(സി) സ്കൂൾ കുട്ടികൾക്ക് വർഷംതോറും വിതരണം ചെയ്യുന്ന പാഴ്മരങ്ങൾക്കുപകരം ഫലവൃക്ഷത്തൈകൾ നൽകുമോ ?

# കേരള നിയമസഭ
# 27.09.2011-ലെ മറുപടിക്ക്

ഭൂഗർഭ വൈദ്യുതി പദ്ധതി

*58 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിൽ നടപ്പാക്കുന്ന ഭൂഗർഭ വൈദ്യുതി പദ്ധതിയുടെ വിശദാംശം നൽകാമോ;

(ബി) സംസ്ഥാനത്തെ ഏതെല്ലാം നഗരങ്ങളിലാണ് പദ്ധതി നടപ്പാക്കുന്നത്; ഇതിന്റെ പ്രാരംഭപ്രവർത്തനങ്ങൾക്കായി എന്ത് തുക നീക്കിവച്ചിട്ടുണ്ട്;

(സി) ഇതേ മാതൃകയിൽ ഗ്രാമീണ മേഖലയിലും ഭൂഗർഭ വൈദ്യുതി പദ്ധതി നടപ്പാക്കാൻ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

<u>പൊതുമേഖലാ സ്ഥാപനങ്ങളുടെ മേധാവികൾ</u>

*59 ശ്രീ. എ.എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളുടെ മേധാവികളെ മാറ്റി പുതുതായി നിയമനം നടത്തി എന്ന് വ്യക്തമാക്കുമോ;

(ബി) എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭകരമായി പ്രവർത്തിക്കുന്നു; എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ ഭീമമായ നഷ്ടത്തിൽ പ്രവർത്തിക്കുന്നു;

(സി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുഖേലാ സ്ഥാപനങ്ങളെ ലാഭകരമാക്കാൻ എന്തെല്ലാം പദ്ധതികളാണ് നിലവിലുളളതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 27.09.2011-ലെ മറുപടിക്ക്

പാരമ്പര്യേതര മേഖലയിൽ നിന്ന് വൈദ്യുതി ഉല്പാദിപ്പിക്കുന്ന പദ്ധതി

*60 ശ്രീ. പി. ശ്രീരാമകൃഷ്ണൻ
,, കോടിയേരി ബാലകൃഷ്ണൻ
,, എ. കെ. ബാലൻ
പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാരമ്പര്യേതര മേഖലയിൽ നിന്ന് വൈദുതി ഉല്പാദിപ്പിക്കുന്നതിന് ഇലക്ട്രിസിറ്റി ബോർഡിന് പദ്ധതിയുണ്ടോ ; എങ്കിൽ വിശദമാക്കാമോ ;

(ബി) കേന്ദ്ര ഏജൻസിയായ സീവെറ്റിന്റെ (സെന്റർ ഫോർ വിന്റ് എനർജി ടെക്നോളജി) പഠനത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ കാറ്റിൽ നിന്നും ഉണ്ടാക്കാവുന്ന വൈദ്യുതിയുടെ ശേഷി എത്രയാണ് ; ഇത് ഉപയോഗിച്ച് ഇതിനകം എത്ര യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കുകയുണ്ടായി ;

(സി) കാറ്റിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുവാൻ മുന്നോട്ടു വരുന്ന സ്വകാര്യ സംരംഭകർക്ക് ബോർഡ് എന്തെല്ലാം സൗകര്യങ്ങളാണ് നൽകുന്നത് ;

(ഡി) ഈ ശേഷി പൂർണ്ണമായും ഉപയോഗിക്കുന്നതിന് ബോർഡ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. രാജൻ,
തിരുവനന്തപുരം സെക്രട്ടറി
2011 സെപ്റ്റംബർ 18.